# Govt: Higher Secondary School

## Bhoothakulam




# Little Dreams

## Digital Magazine 2020






# സ്വാഗതം..




## ശ്രീ. എസ്.ശിവപ്രസാദ്
### ഹെഡ് മാസ്റ്റർ

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾ തയ്യാറാക്കിയ ഈ മാഗസിൻ വരും വർഷങ്ങളിലെ കുട്ടികൾക്കും പ്രചോദനമാകട്ടെ എന്നാശംസിക്കുന്നു. പാഠപുസ്തകങ്ങളിൽ നിന്നുള്ള അറിവിനുപരിയായി ആധുനിക ഐ.ടി.അറിവുകൾ എങ്ങനെ പ്രായോഗികജീവിതത്തിൽ ഉപയുക്തമാക്കാം എന്നതിനു തെളിവാണ് ഈ ഡിജിറ്റൽ മാഗസിൻ. ഇതിന്റെ രൂപീകരണത്തിനു വേണ്ടി പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപകർക്കും ആശംസകൾ.....



## ശ്രീ. ജെ. സുധീശൻ പിള്ള

### PTA പ്രസിഡന്റ്

ലിറ്റിൽ കൈറ്റ്സ് 2019-21 ബാച്ച് തയ്യാറാക്കിയ 'ലിറ്റിൽ ഡ്രീംസ് ' എന്ന ഈ ഡിജിറ്റൽ മാഗസിൻ മികച്ച ഒരു സൃഷ്ടിയാണ്. പുതിയ കാലത്തിന്റെ അടയാളമായ വിവരവിനിമയ സാങ്കേതികവിദ്യയിൽ നമ്മുടെ കുട്ടികൾ എത്രമാത്രം തല്പരരാണ് എന്നതിന്റെ തെളിവാണിത്. ഹൈ-ടെക് ക്ലാസ് മുറികളും ഹൈ-ടെക് ബോധനരീതികളും കൊണ്ട് കേരളത്തിലെ വിദ്യാഭ്യാസരംഗം വിപ്ലവകരമായ പുരോഗതി നേടിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് ആ മാറ്റങ്ങൾക്കൊപ്പം സഞ്ചരിക്കാൻ നമ്മുടെ കുട്ടികൾക്കുമാകട്ടെ എന്നാശംസിക്കുന്നു.



**Mrs. V. Viji** (Senior Assistant)

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഈ വർഷവും ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി എന്നറിഞ്ഞതിൽ വളരെ സന്തോഷിക്കുന്നു. കഴിഞ്ഞ വർഷത്തെ മാഗസിനിലേതിനേക്കാൾ വിഭവങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടാണ് പുതിയ മാഗസിൻ പുറത്തിറങ്ങുന്നത്. ലിറ്റിൽ ഡ്രീംസ് ഡിജിറ്റൽ മാഗസിന്റെ രണ്ടാം പതിപ്പിനു വേണ്ടി പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അധ്യാപകർക്കും ആശംസകൾ......



**ശ്രീ. കെ. ആർ. റാം മോഹൻ**
**സ്റ്റാഫ് സെക്രട്ടറി**

'ലിറ്റിൽ ഡ്രീംസ് ' എന്ന പേരിൽ തുടർച്ചയായി രണ്ടാമത്തെ വർഷവും ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനെ അഭിനന്ദിക്കുന്നു. ലിറ്റിൽ കൈറ്റ്സിന്റെ 2019-21 ബാച്ചാണ് ഈ മാഗസിന്റെ രൂപീകരണത്തിനു പിന്നിൽ പ്രവർത്തിച്ചത്. അവർക്കും ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ, ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് എന്നിവർക്കും ആശംസകൾ...




## ആര്യ. ആർ.എൽ (സ്റ്റുഡന്റ് എഡിറ്റർ)

കഴിഞ്ഞ വർഷം എട്ടാം ക്ലാസ്സിലെ 25 കുട്ടികളാണ് ലിറ്റിൽ കൈറ്റ്സിൽ അംഗങ്ങളായത്. എല്ലാ ബുധനാഴ്ച്ചയും ഞങ്ങൾ ഒത്തുചേരുകയും ഐ.ടി.പഠനാനുഭവങ്ങൾ സ്വായത്തമാക്കുകയും ചെയ്യുന്നു.

ഈ വർഷത്തെ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാനുള്ള ഉത്തരവാദിത്വം വളരെ സന്തോഷത്തോടെയാണ് ഞങ്ങൾ ഏറ്റെടുത്തത്. ലിറ്റിൽ ഡ്രീംസ് എന്ന പേരിൽ തന്നെയാണ് ഈ വർഷവും മാഗസിൻ പ്രസിദ്ധീകരിക്കുന്നത്. Desktop Publishing Software ആയ Libre Office Writer ൽ തയ്യാറാക്കിയ ഈ മാഗസിന്റെ രൂപീകരണ വേളയിൽ ഞങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ തന്നു സഹായിച്ച ഞങ്ങളുടെ മാസ്റ്റർ അനിൽ കുമാർ സറിനും മിസ്ട്രസ് സിനി ടീച്ചറിനും ഒരായിരം നന്ദി....സർഗരചനകൾ തന്നു പിന്തുണച്ച എല്ലാ കൂട്ടുകാർക്കും അധ്യാപകർക്കും നന്ദി....

# LITTLE KITES MASTERS' DESK

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് രണ്ടാം ബാച്ചിൽ 25 കുട്ടികളാണ് അംഗങ്ങളായി ചേർന്നത്. അനിമേഷൻ, മലയാളം കമ്പ്യൂട്ടിങ്, റൊബോട്ടിക്സ്, ഹാർഡ് വെയർ, ഇലക്ട്രോണിക്സ്, സൈബർ സുരക്ഷ എന്നീ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകുകയാണ് ലക്ഷ്യം. കഴിഞ്ഞ വർഷത്തെ പോലെ തന്നെ എല്ലാ ബുധനാഴ്ചയും വൈകുന്നേരമാണ് പരിശീലനം. ഈ വർഷത്തെ assignments ന്റെ ഭാഗമായി, കുട്ടികളുടെ സർഗരചനകൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഡിജിറ്റൽ മാഗസിൻ നിർമ്മിക്കുവാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളോട് നിർദ്ദേശിച്ചു. അതുപ്രകാരം അവർ തയ്യാറാക്കിയതാണ് Little Dreams എന്ന ഈ Digital magazine. Libre Office Writer എന്ന DTP software ഉപയോഗിച്ച് സ്റ്റുഡന്റ് എഡിറ്റർ ആയ **ആര്യ. ആർ. എൽ.** ന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ മാഗസിൻ തീർച്ചയായും മികച്ച നിലവാരം പുലർത്തുന്നു. മാഗസിൻ നിർമ്മാണത്തിനായി പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും സർഗരചനകൾ നൽകി അവരെ പിന്തുണച്ച എല്ലാ കുട്ടികളെയും അധ്യാപകരെയും അഭിനന്ദിക്കുന്നു.

**സിനി. ബി.എസ്**
**ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്**

**അനിൽ കുമാർ.സി**
**ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ**

## താളുകൾ മറിക്കുമ്പോൾ

അനൂപ് രാജ്. ആർ........5
HSA (Maths).....................5
ലഹരി....................................5
ഉള്ളൊന്ന് ആളിപ്പിടഞ്ഞു..........5
കഥകൾ........................6
രമ്യ. ആർ..........................6
ക്ലാസ് 9 A.........................6
ലിസ്റ്റ് പ്രകാരം.........................6
വൃത്തിയുള്ള ജോലിക്കാരി..........6
കവിത..........................7
നവീൻ ആർ.എസ്..............7
പ്രകൃതി..................................7
ശേഖരം.........................8
പഴഞ്ചൊല്ലുകൾ.......................8
ആര്യ.ആർ.എൽ.................8
..........................................9
Reshma Raj....................10
Story..........................10
EXAMINATION FEVER...10
കഥ............................11
കാട്ടുകഥകൾ.........................11
നവനീത്.ചന്ദ്രൻ...............11
കവിത........................13
കുങ്കുമപ്പൂവ്..............................13
രമ്യ.ആർ..........................13
കുങ്കുമപ്പൂവുകൾ പൂത്തു നിൻ. .13
ജയലക്ഷ്മി...................14
കവിത.........................14
പൂമ്പാറ്റ.................................14
Friends Forever...................15
Abhirami.S.B................15
STORY.......................16
ABHIRAMI.S................16
IMPOSSIBLE=I’M POSSIBLE..........................16
ഉപന്യാസം..................17
അശ്വതി.ആർ.എസ്.........17
മഹാപ്രളയത്തെ അതിജീവിച്ച കേരളം...............................17
POEM.......................19
Pooja Prasad..................19
NATURE...........................19
My Favourite Animal.........19
My little puppy...................20
വിശപ്പിന്റെ പ്രാധാന്യം...........21
നക്ഷത്ര.എ........................21
കവിത.........................23
അച്ഛൻ.................................23
ഹരിദേവ്. യു....................23
മധ്യ ഇംഗ്ലീഷ് കാലഘട്ടം........24
സംഗീത .എസ്.എസ്......24
കഥ............................25
സന്തുഷ്ട ജീവിതം...................25
നിമ.ആർ.ജെ..................25
ARTICLE..................26
Renjima Raj..................26
CONSERVATION OF WATER...............................26
കവിത.........................27
സ്വാതി കൃഷ്ണ....................27
വസന്തം...............................27
കവിത.........................28
അഭിരാമി ബി എസ്.........28
മധുരമീ മലയാളം...................28
കവിത.........................29
പ്രളയം...............................29
നന്ദന.എ.എസ്...............29
POEM........................31
MY FATHER.....................31
Swathy Krishna..............31
ഫർദാന.ബി....................32
10.E...................................32
ലേഖനം......................32
വനസംരക്ഷണം...................32
ചെറുകഥ......................33
ഭദ്ര അജിത്ത്.....................33
അവസാനത്തെ ആഗ്രഹം.......33
കഥ...........................35
സൂരജ്............................35
ക്ലാസ്സ്:5 എ......................35
അച്ഛനും അമ്മുവും.................35

കവിത

അനൂപ് രാജ്. ആർ

HSA (Maths)

# ലഹരി

ഉള്ളൊന്ന് ആളിപ്പിടഞ്ഞു
ഞാൻ നോക്കവേ എന്നുണ്ണി-
യാകെ മുനിയായിരിപ്പൂ...
എന്തെന്നറിഞ്ഞീല കൂട്ടിയെന്നോട്
മിണ്ടാട്ടമില്ലാതായിട്ടേറെയായി...
കണ്ണുകൾ വാടിത്തളർന്നു
കുഴഞ്ഞവശനായി
ഉമ്മറത്തിരിക്കവേ...
അരികിലെത്തി മുഖം മാറോട-
ട്ടപ്പിച്ച് ഒരു ചോദ്യമായ്
ഞാനും തളർന്നുപോയി
സ്നേഹിതർ നൽകിയ
ലഹരി അവർ തൻ സ്നേഹമാണെന്നു
കരുതിയതിൽ പിന്നെ
കണ്ടില്ല, എന്നെയുമവൻ
കാണാതെ മറഞ്ഞുപോയി,
സിരകളിലത്രമേൽ
വ്യാപിച്ചതിൻ ലഹരി
എന്തെന്നറിഞ്ഞീലവൻ
ജീവിതമെന്നതും
തിരിച്ചറിഞ്ഞില്ലയീ
ലോകത്തിൻ തിന്മയും.
അറിയാതെയടർന്നുപോയ്
അവന്റെയീ ലോകവും
അറിയാതെയകന്നുപോയ്
അവനീ അമ്മയേയും...

കഥകൾ

രമ്യ. ആർ
ക്ലാസ് 9 A

# ലിസ്റ്റ് പ്രകാരം

വെണ്ടയ്ക്ക ,കുമ്പളങ്ങ ,തക്കാളി , അമരയ്ക്ക... ഭാര്യ തന്ന ലിസ്റ്റ് പ്രകാരം എല്ലാം ഓരോ കിലോ വാങ്ങി സഞ്ചിയിൽവയ്ക്കുമ്പോഴാണ് തൊട്ടപ്പുറത്തെ ഫ്രൂട്ട്സ് കടയിൽനല്ല കറുത്ത ഞാവൽപഴം കണ്ടത്. മകൾക്കു ഭയങ്കര ഇഷ്ടമാണ്. അവളതു തിന്നുകൊണ്ടിരിക്കുമ്പോൾ നീലനിറത്തിലുള്ള നാവ് പുറത്തിട്ട് കാട്ടി കൊഞ്ചും. അവളുടെ കുസൃതി അയാൾ നോക്കിനിൽക്കും. രണ്ടുകിലോ ഞാവലും അയാൾ വാങ്ങി ബൈക്ക് സ്റ്റാർട്ട് ചെയ്യുമ്പോഴാണ് മൊബൈൽ ഫോണടിച്ചത്. നേതാവാണ് മറുതലയ്ക്കൽ. നേതാവ് പറഞ്ഞപേരുകൾ അയാൾ കുറിച്ചെടുത്തു. തൊട്ടപ്പുറത്തെ കടയിലേക്ക് കയറി ലിസ്റ്റിലുള്ള പേരനുസരിച്ച് വടിവാൾ , കത്തി , കഠാര , സൈക്കിൾചെയിൻ എന്നിവ വാങ്ങി ബൈക്കിൽ കുതിച്ചു. ഞാവൽ കൊതിച്ചിയായ തന്റെ മകളെ അയാൾ അപ്പോൾ ഓർത്തതേയില്ല !

# വൃത്തിയുള്ള ജോലിക്കാരി

കുവൈത്തിൽ ഞാൻ ജോലിചെയ്യുമ്പോൾ ട്രാവൽ കമ്പനി ഓഫീസിലേക്കു പുലർച്ചെ കയറിവന്ന ആളോട് അയാൾചോദിച്ചു, "എന്താ..? കണ്ടിട്ട് ഒരു മലയാളി ലുക്ക്... ഗുഡ് മോർണിങ് "... അയാൾ ആഗതനെ സ്വാഗതം ചെയ്തു. അയാൾ തിരിച്ചും. "ഒരു ടിക്കറ്റ് വേണം. കൊച്ചിയിൽ നിന്നും കുവൈത്തിന്"' "ആർക്കു വേണ്ടിയാ...?"
"അമ്മയ്ക്കുവേണ്ടി" അയാൾ മറുപടിപറഞ്ഞു. "അമ്മയ്ക്ക് വയസ്സ് അറുപതുകഴിഞ്ഞു".
"കുവൈത്ത് കാണിക്കാൻ കൊണ്ടുവരികയായിരിക്കും... അല്ലേ?" "അല്ല... നല്ല വേലക്കാരികളെകിട്ടാൻ വളരെ പ്രയാസം. അമ്മയാകുമ്പോൾ എല്ലാ പണികളും വൃത്തിയായി ചെയ്യും. ശമ്പളം ലാഭിക്കാമല്ലോ..." അയാൾ ചിരിച്ചു കൊണ്ടുപറഞ്ഞു. അപ്പോൾ നാളത്തെ വേലക്കാരനെ കൺമുന്നിൽ കാണുന്നതു പോലെ അയാൾക്കു തോന്നി.

കവിത

നവീൻ ആർ.എസ്
ക്ലാസ്സ് 9.A

# പ്രകൃതി

എനിക്ക് നീ ഇല്ലാതെ ഇപ്പോൾ ജീവിക്കാൻ കഴിയില്ല
നീ ഇല്ലെങ്കിൽ ഞാൻ ഒന്നുമല്ല
നിന്നിൽ നിന്ന് വേർപ്പെട്ടാൽ
ഞാൻ എന്നിൽ നിന്ന് തന്നെ വേർപ്പെട്ടുപോലെ
നിനക്ക് വേണ്ടി മാത്രമാണ് ഞാൻ ജീവിച്ചത്
എന്നെ തന്നെ നിനക്ക് തന്നു.

എല്ലാ ശ്വാസത്തിലും നിന്റെ പേരുണ്ട്
എന്റെ എല്ലാസ്നേഹവും എന്റെ വേദനയും
ഇപ്പോൾ നീ മാത്രമാണ് നിന്റെ വിശ്വസ്തത
എന്നെ സംരക്ഷിച്ചു.

എല്ലാ ദുഖങ്ങളെയും ഹൃദയത്തിൽ നിന്ന്
എടുത്തു കളഞ്ഞു നിനക്കുവേണ്ടി
മാത്രമാണ് ഞാൻ ജീവിച്ചത്.

ശേഖരം

# പഴഞ്ചൊല്ലുകൾ

ആര്യ.ആർ.എൽ
ക്ലാസ്സ്-9E

ഗതികെട്ടാൽ പുലി പുല്ലും തിന്നും.

മത്തൻ കുത്തിയാൽ കുമ്പളം മുളക്കുമോ?

കാണം വിറ്റും ഓണം ഉണ്ണണം.

ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.

സമ്പത്ത് കാലത്ത് തൈപത്തു വച്ചാൽ ആപത്ത് കാലത്ത് കാപത്ത് തിന്നാം.

നാടോടുമ്പോൾ നടുവെയോടണം.

ആനകൊടുത്താലും ആശകൊടുക്കരുത്.

മുറ്റത്തെ മുല്ലക്ക് മണമില്ല.

മുല്ലപ്പൂമ്പൊടി ഏറ്റുകിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം.

കാക്ക കുളിച്ചാൽ കൊക്കാകില്ല.

അത്യാഗ്രഹം അപത്ത്.

എല്ലുമുറിയെ പണിയെടുത്താൽ പല്ല് മുറിയെ തിന്നാം.

അവനവൻ കുഴിക്കുന്ന കുഴിയിൽ അവനവൻ തന്നെ

വീഴും.

ആനമെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ?

വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

അടിതെറ്റിയാൽ ആനയും വീഴും.

ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം.

മടിയൻ മലചുമക്കും.

ഒത്തുപിടിച്ചാൽ മലയും പോരും.

പയ്യെത്തിന്നാൽ പനയും തിന്നാം.

ഐക്യമത്യം മഹാബലം.

ശുദ്ധൻ ദുഷ്ടന്റെ ഫലം ചെയ്യും.

പുര കത്തുമ്പോൾ വാഴവെട്ടരുത്.

അപ്പം തിന്നാൽ പോരെ കുഴി എണ്ണണോ?

പണത്തിനു മേൽ പരുന്തും **പറക്കും .**

**അണ്ണാറക്കണ്ണനും തന്നാലായത്.**

Reshma Raj
8J

Story

# EXAMINATION FEVER

A doctor's case sheet
Name: Modern students

Date of admission: The day on which the examination date was announced

Date of discharge: Last day of  examination

History of illness:Two patients down with fever

Temperature chart: temperature increases gradually as examination approaches become normal as soon as the exam is over

Previous history of patients: Never attend class regularly, used to bunk classes and go for movies during class hours, never touch books.

Family background: Goods family but parents thought that the patients were old enough to know there responsibilities

General Conditions: they are very fashionable. They felt sleepy whenever they open books.

Blood pressure: Used to rise when they were asked to answer in class. It become normal as soon as they are out of class.

Diagnosis: Examination fever

Treatment: No treatment available in medical science except that the patient has to be regular in class. The patient should avoid sleeping in the class.

കഥ

# കാട്ടുകഥകൾ

നവനീത്.ചന്ദ്രൻ
ക്ലാസ്സ്-5C

ആഫ്രിക്കയിലെ വനാന്തരങ്ങളിൽ കാണുന്ന ചെന്നായ് കൂട്ടത്തിലെ മൂന്ന് കുട്ടികളാണ് ഷാബി, നോബി, റോബി. ചെന്നായ് കൂട്ടത്തിലെ ഏറ്റവും വികൃതി കുട്ടികളാണ് ഇവർ. ഒരു ദിവസം അവർ കാട്ടിലൂടെ നടക്കുകയായിരുന്നു. അപ്പോൾ റോബി പറഞ്ഞു- നമ്മുക്ക് താഴ്വാരത്തേക്ക് പോയി കളിച്ചാലോ? ഷാബിയും നോബിയും പറഞ്ഞു ശരി. അവർ താഴ്വാരത്ത് എത്തി. അവർ അവിടെ ഒരു ബീവറിനെ കണ്ടു. അവർക്ക് അതൊരു അതിശയകരമായ കാഴ്ചയായിരുന്നു. അപ്പോൾ ഷാബി പറഞ്ഞു അച്ഛൻ എന്നോട് പറഞ്ഞിരുന്നു. ഈ ബീവറുകൾ കാട്ടിലെ ആർക്കിട്ടെക്കുകളാണ്. നോബി ചോദിച്ചു കാട്ടിലെ ആർകിട്ടെക് എന്നു വിളിക്കുന്നത് എന്തുകൊണ്ടാണ്. ഷാബി മരം മുറിച്ചു. കൊച്ചു കഷ്ണങ്ങളാക്കി കല്ലുകൾ ഉപയോഗിച്ച് വെള്ളത്തിൽ താഴ്ത്തിവച്ച് അണകെട്ടുണ്ടാക്കി. അതിനുള്ളിലാണ് അവർ താമസിക്കുന്നത്. മണിക്കൂറോളം വെള്ളത്തിൽ ചിലവഴിക്കാൻ ബീവറുകൾക്ക് സാധിക്കും. റോബി, നോബി വരൂ പോകാൻ സമയമായി. ദാ, വരുന്നു അച്ഛാ, എന്നു പറഞ്ഞു അവർ അവിടന്നു മടങ്ങി. അടുത്ത ദിവസം അവർ വീണ്ടും അവിടെ എത്തിയപ്പോൾ അവർ കണ്ടത് ഇന്നലെ ഉണ്ടായിരുന്ന ചെറിയ അണക്കെട്ടല്ലായിരുന്നു. പുഴയ്ക്ക് കുറുകെ ഭീമൻ ഒരു അണക്കെട്ടാണ് ആ ബീവർ ഉണ്ടാക്കിയത്. അണക്കെട്ടിന്റെ മറുവശത്തെ ജലനിരപ്പ് വൻ തോതിൽ കുറഞ്ഞു. പിൻഭാഗത്തെ ജലനിരപ്പ് അതിഭീകരമായി കൂടുകയുംചെയ്തു. അതിനാൽ, താഴ്വാരത്ത് താമസിക്കുന്ന മാംസഭോജികളായ മൃഗങ്ങൾ അവരുടെ രാജ്യത്തേക്ക്

നുഴഞ്ഞുകയറി. ആ വിവരമറിഞ്ഞ് നോബിയുടെ രാജ്യത്തുള്ളവർ ആക്രമിക്കാൻ സജ്ജരായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം ആ മൂന്ന് ചെന്നായക്കുട്ടികളും താഴ്വാരത്തേയ്ക്ക് പോകും വഴി ഒരു മൃഗത്തിന്റെ ചിറയിൽ ശബ്ദം കേട്ട് അവർ നോക്കിയപ്പോൾ അയൽ രാജ്യത്തെ ചെന്നായ്ക്കൾ അവിടെയുണ്ടായിരുന്നു. മൂന്ന് കുട്ടികളും അവരുടെ മാതാപിതാക്കളോട് വിവരം പറഞ്ഞു. അവർ അവിടെയെത്തി അയൽ നാട്ടിലെ ചെന്നായ്ക്കളെ ആക്രമിച്ച താക്കീത് നല്കി തങ്ങളുടെ രാജ്യത്ത് നിന്നും പറഞ്ഞയച്ചു.

കവിത

# കുങ്കുമപ്പൂവ്

രമ്യ.ആർ
9A

കുങ്കുമപ്പൂവുകൾ പൂത്തു നിൻ
തങ്കക്കിനാപൊൻ താഴ്വാരത്തിൽ
മാനസമാം മണിമേഘ ഋതുക്കളേണ്ടും
മാദകസംഗീത മുരളി...ആ...
പ്രണയമൂലിയിൽ സ്നേഹത്തിൻ
കൗതുകത്താൽ കുളിരും ശുഭചിന്തയേറി
മുന്തിരി വീഴുമാ ശിഥില മെന്നുടെ-
പ്രേമത്താല് പഞ്ചമി രാത്രിയിൽ കലർന്നു.
മധുര നൊമ്പര പ്രതീക്ഷകൾ മാണിക്യ-
വീണയിൽ ശ്രുതിയിൽ ഉഴയുന്ന കളിവഞ്ചിയിലേറി
രാജകുമാരി വന്നുചേർന്നു നിൻ കുങ്കുമപുഷ്പമായ് എന്നിൽ.

ജയലക്ഷ്മി

8.G

കവിത

# പൂമ്പാറ്റ

പൂഞ്ചിറകോലും പൂമ്പാറ്റേ
പുഞ്ചിരി തൂകും പൂമ്പാറ്റേ
തുള്ളിച്ചാടി രസിക്കാതെ
വള്ളിക്കുടിലിലുറങ്ങുന്നോ
ആവണിമാസം വിരിയുമോ
പൂവണിമധുരം ചൊരിയുമോ
പൂമുറ്റത്തെ പൂന്തണലിൽ
പൂക്കളമെഴുതാനറിയില്ലേ
ഓണത്തപ്പനെയെതിരേല്ക്കാൻ
ഓണക്കോടി തരില്ലേ നീ
ഓലപ്പീപ്പിയുമൂതി വരൂ
ഓലക്കുടയും ചൂടി വരൂ

# Friends Forever

Abhirami.S.B

S.T.D:6E

Every one needs a friend,
Then there will be joys that never end; A good friend is a source of bliss, And you can never give her miss; Joys and sorrows are always shared and wishes and needs are always cared. They are together and the ties are deepen, And nothing to hide, nothing, all are open.Your empty moments are always occupied. In her presence your mind is satisfied. Friend's feelings are real and genuine, And about life and sucess they are genuine....

STORY

ABHIRAMI.S
S.T.D 6D

# IMPOSSIBLE=I'M POSSIBLE

Nothing is impossible in this world provided we don't give up trying . But practise and hardwork, we can achieve every thing . Akash was a very active student of the school. His sports teacher asked him to enrol his name for the inter . School racing competition to be held in their school. Akash used to run very fast but never came fast in the race . Every day the coach would encourage him by saying that "TRY AGAIN TOMORROW, I KNOW YOU CAN DO IT." One day , akash was looking sad. His mother asked him why he looked so sad. He replied , "Mom, I don't think I would be able to come first in the inter-school racing competition."

His mother encouraged him and said,"if we keep trying , the difficult tasks also become easy . Do not lose heart.Keep on practising ,you will certainly win ." That day his mother told him the story of 'Two Frogs' one day two frogs were playing.Suddenly they feel into a jar of milk . They tried to come out of the jar but failed because there was no solid support under their feet

After trying for a little while , one of the frogs completed lost all hope and said , "we will not be able to escape from this jar as their is no solid support under our feet . There is no use trying so hard.

He gave up trying and went down to the bottom of the jar and soon died

But the other frog thought , "let me go on swimming for as I can . Maybe something will happen that would save my life . As he was swimming round and round he observe the milk was turning into butter

His movements soon churned the into butter the frog then climbed on the butter and escaped and in this manner he saved his life

After listening to the story , Akash decided that he will not lose hope . He then kept on practising till the last day of the competition as a result he story.

ഉപന്യാസം

അശ്വതി.ആർ.എസ്
ക്ലാസ്സ് 10 E

# മഹാപ്രളയത്തെ അതിജീവിച്ച കേരളം

2018-ൽ കേരളമെമ്പാടും അനുഭവിച്ച ഒരു മഹാദുരന്തമായിരുന്നു പ്രളയം. അതിലൂടെ കിടപ്പാടങ്ങളും, ബന്ധുക്കളും എല്ലാം ഭൂരി ഭാഗം ജനങ്ങൾക്കും നഷ്ടമായി. ഈ ദുരന്തമുഖത്തെ നേരിൽ കണ്ടവർക്കും അനുഭവിച്ചറിഞ്ഞവർക്കും 'പ്രളയം' എന്ന വാക്കിനെ ഒരു ഭയത്തോടെ നോക്കികാണുവാൻ സാധിച്ചു. പ്രളയം സൃഷ്ടിച്ച ദുരന്തങ്ങളെ തുടച്ചുമാറ്റി നവകേരളം സൃഷ്ടിക്കാൻ തയ്യാറെടുക്കുമ്പോഴായിരുന്നു 2019-ൽ അതിന്റെ വാർഷികാഘോഷം എന്ന പോലെ പിന്നെയും ഒരു പ്രളയത്തെ കേരളം അതിജീവിക്കേണ്ടതായി വന്നത്. അന്ന് മലയാളികൾ എല്ലാം ഒറ്റക്കെട്ടായി നിന്നു;ഒരേ മനസ്സോടെ, ഒരു വീട്ടിലെ അംഗങ്ങളെപോലെ ....

പ്രളയം എന്ന വില്ലനിൽ നിന്നും സാധരണക്കാരായ ജനങ്ങളെ രക്ഷിക്കാൻ, മത്സ്യതൊഴിലാളികളായ നായകന്മാർ വേണ്ടിവന്നു. പണത്തിനും ഉയർന്ന ജോലികൾക്കും മീതെ പറക്കുന്നവരെപോലും രക്ഷിക്കാൻ ഈ മത്സ്യതൊഴിലാളികൾ തന്നെ വേണ്ടി വന്നു. പണം കൊടുത്തു വാങ്ങാൻ ആകുന്നതല്ല സ്വന്തം ജീവിതം എന്ന് ഇതിലൂടെ ഓരോരുത്തരും മനസ്സിലാക്കിയിരുന്നു. എന്നാൽ ആ ഒരുമയും സാന്ത്വനങ്ങളും ആ ദുരന്തത്തിനു ശേഷം മാഞ്ഞുപോയി. മനുഷ്യത്വം എന്താണെന്ന് ഉൾക്കൊണ്ട ആ ദിനങ്ങൾ, ജാതിക്കോ മതത്തിനോ സ്ഥാനം നൽകിയിരുന്നില്ല.

ഈ കഴിഞ്ഞുപോയ മഹാപ്രളയത്തെ, ഒറ്റക്കെട്ടായി നിന്നു നേരിട്ട, ആ മാനവസമൂഹത്തെ ഇനിയൊരിക്കലെങ്കിലും കാണാൻ സാധിക്കുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പ്രകൃതിയോടുള്ള മനുഷ്യന്റെ ക്രൂരതകൾ വർധിക്കുകയാണ് .എങ്കിൽ വീണ്ടും ഒരു ദുരന്തത്തെ നമുക്ക് പ്രതീക്ഷിക്കാം. അന്ന് ഈ സംശയത്തിന്റെ ആവശ്യകത വരുകയില്ല. അതാണ് കേരളത്തിലെ ജനങ്ങളുടെ പ്രത്യേകത.

ഈ ദുരന്തം നാം ഓരോരുത്തർക്കും കുറെ പാഠങ്ങൾ പഠിപ്പിച്ചു തന്നു. നാം വെട്ടി നശിപ്പിക്കുന്ന ഓരോ വൃക്ഷത്തിന്റെയും തേങ്ങലുകളും നാം മലിനമാക്കുന്ന ഓരോ ജലസ്രോതസ്സിന്റെയും യാതനകൾ മനസ്സിലാക്കാൻ ഒരിക്കൽ പോലും നമുക്ക് സാധിച്ചിട്ടില്ല. അവരുടെ തീവ്രദു:ഖത്തെ നാം ഓരോരുത്തർക്കും മനസ്സിലാക്കിത്തരുവാൻ പ്രകൃതി അയച്ച ഒരു താക്കീതായിരുന്നു പ്രളയം. എന്നാൽ ഇന്നും ആ താക്കീത് പോലും ഗൗനിക്കാതെ പാറ പൊട്ടിക്കലും വനനശീകരണവും മലിനീകരണവും പുരോഗമിക്കുന്നു. ഇങ്ങനെ പോയാൽ നാം മനുഷ്യർ തന്നെ നമ്മുടെ ആവാസ സ്ഥലങ്ങൾ നഷ്ടപ്പെടുത്തും. നമുക്ക് ഈ ഭൂമിയിൽ ജീവിക്കണമെങ്കിൽ പ്രകൃതിയെയും മറ്റു ജന്തുജാലങ്ങളെയും ആശ്രയിച്ചേ മതിയാവൂ. എന്നാൽ എല്ലാത്തിലും മീതെയാണ് മനുഷ്യർ എന്ന ചിന്ത ഇത്തരം ദുരന്തങ്ങൾക്ക് കാരണമാകുന്നു.

ജാതിയും മതവും ഗൗനിക്കാതെ ഒറ്റക്കെട്ടായി നിന്ന് അന്ന് പ്രളയത്തെ അതിജീവിച്ച ആ മാനവികസമൂഹത്തെയാണ് പുത്തൻ തലമുറയ്ക്ക് ആവശ്യം. അതിലൂടെ ജാതിമതവർണ്ണവർഗവിവേചനത്തേക്കാൾ മനുഷ്യത്വം എന്ന സത്യം നിലകൊള്ളുന്നു.

POEM

Pooja Prasad
STD 6E

# NATURE

The gift of the god
I love my nature
It is so beautiful
I like to play
In the nature and  to study
How beautiful it is?
I love my nature
It is so wonderful

## My Favourite Animal

My funny puppy
It is a beautiful
It colour is white
It plays cricket

It is very funny
It is my lovable puppy

## My little puppy

I have a little puppy
It has a bushy tail
when it seen me it comes
near to me
When I give it milk
It licks me lovingly
I love it and it loves me

# വിശപ്പിന്റെ പ്രാധാന്യം

നക്ഷത്ര.എ

പണ്ട് അലാവുദീൻ എന്നൊരു ചെറുപ്പക്കാരനുണ്ടായിരുന്നു. അയാൾ ഒരു മീൻ പിടുത്തക്കാരനായിരുന്നു.അയാൾ ഉറങ്ങുമ്പോഴും എഴുന്നേൽക്കുമ്പോഴും അയാൾക്ക് ഒരു വിചാരം മാത്രമേ ഉണ്ടായിരുന്നുള്ളൂ. തീരാത്തത്ര സമ്പത്തുള്ള ഒരു സ്ഥലത്ത് എത്തണം എന്നിട്ട് തീരാത്തത്ര സമ്പത്ത് വേണം.എന്നിട്ട് ധനികനായി ജീവിക്കണമെന്ന് ഇയാൾ ഇതെല്ലാം ഇയാളുടെ ഭാര്യയോട് പറയുമ്പോൾ, ഭാര്യ അയാളെ ശകാരിക്കും. അങ്ങനെ ഒരു ദിവസം അലാവുദീൻ മീൻ പിടിക്കാൻ പോയപ്പോൾ പെട്ടെന്ന് ഒരു വലിയ തിരമാല വന്നടിച്ചു. അലാവുദീന്റെ തോണി തലകീഴായി മറിഞ്ഞു .പിന്നെ അയാൾ കണ്ണുതുറക്കുന്നത് ഒരു ദ്വീപിലാണ്.ചുറ്റിലും സ്വർണമാണ് ഉണ്ടായിരുന്നത്. മരങ്ങളിലും ചെടികളിലുമെല്ലാം സ്വർണ്ണ പഴങ്ങളും പൂക്കളുമായിരുന്നു. തറയിൽ മുഴുവനും സ്വർണ്ണ തരികളായിരുന്നു. അയാൾക്ക് വളരെയധികം സന്തോഷമായി.കുറച്ചു സമയം കഴിഞ്ഞപ്പോൾ അയാൾക്ക് വിശക്കാൻ തുടങ്ങി. മരങ്ങളിൽ മുഴുവൻ സ്വർണ്ണപഴങ്ങളായിരുന്നു. അയാൾ ദൈവത്തോട് പ്രാർത്ഥിച്ചു. എന്റെ ദൈവമേ എനിക്കു വീട്ടിലേക്കു പോകണം. പെട്ടെന്ന് ഒരു വലിയ പക്ഷി വന്നു. അയാൾ ആ പക്ഷിയുടെ കാലിൽ പിടിച്ചു. അങ്ങനെ ആ പക്ഷി അയാളെ വീട്ടീൽ എത്തിച്ചു. അയാളുടെ ഭാര്യ വിളമ്പി വച്ച ഭക്ഷണം സന്തോഷത്തോടെ കഴിച്ചു. അപ്പോൾ അയാൾ ഞെട്ടി ഉണർന്നു. അലാവുദീൻ സ്വപ്നം

കണ്ടതായിരുന്നു. അയാൾ ദൈവത്തോട് പറഞ്ഞു. "അങ്ങ് എന്നോട് ക്ഷമിക്കു. ഞാൻ എപ്പോഴും പണത്തെക്കുറിച്ച് മാത്രമാണ് ചിന്തിച്ചിരുന്നത്. ഭക്ഷണത്തേക്കാൾ പ്രധാന്യം മറ്റൊന്നുമില്ലെന്ന് അയാൾക്ക് മനസിലായി. അന്നുമുതൽ അലാവുദീൻ പണത്തെക്കുറിച്ച് ചിന്തിക്കുന്നത് നിർത്തി. പിന്നേടുള്ള കാലം അലാവുദീനും ഭാര്യയും സന്തോഷത്തോടെ ജീവിക്കാൻ തുടങ്ങി. ഈ ലോകത്ത് പണമല്ല വലുത്. അതിനേക്കാൾ വിലപ്പെട്ടതാണ്നമ്മുടെ ജീവൻ. പണം കൊടുത്ത് എന്തുവേണമെങ്കിലും വാങ്ങിക്കാം. എന്നാൽ പണം കൊടുത്ത് ജീവൻ വാങ്ങിക്കാൻ കഴിയില്ല.

കവിത

# അച്ഛൻ

ഹരിദേവ്. യു
ക്ലാസ് 7 D

എൻ കണ്ണ് നിറയുമ്പോൾ
എൻ മുഖം വാടുമ്പോൾ
എന്നെന്നും കാണംഎൻ കൂടെയച്ഛൻ

ഉള്ളൊരു സ്നേഹക്കടൽ
ആ കടലിൽ തിരയെൻ അച്ഛൻ
എൻ മൃദുലസംഗീത സ്നേഹമാണച്ഛൻ

ഒരു പുതിയ സംഗീത
താരമൊഴിയാണ് അച്ഛൻ; ഉൾ നിറയുമ്പോൾ
തണപ്പിൻെറ പേമാരിയച്ഛൻ

കൂടെയാടും നീലാകാശം
കൂടെയാടും എൻ അച്ഛൻ

എന്നെന്നും എൻ തോഴൻ എൻ അച്ഛൻ
എന്നെന്നും എൻ താളം എൻ അച്ഛൻ

മൃദുല സംഗീതതാളം അതിലണയാ-
ത്തൊരു ദീപം;ദമിദ്രമിത തകിട താളമോ
അച്ഛൻ അതിൽ ഞാനാടുമ്പോൾ
ചാരേയുണ്ടൻെറയച്ഛൻ

എൻ ലോകമോ എൻ ശ്വാസമോ എൻ-
ജീവനോ എൻ അച്ഛൻ അണയാത്ത
ദീപമാണെന്നച്ഛൻ.

# മധ്യ ഇംഗ്ലീഷ് കാലഘട്ടം

സംഗീത .എസ്.എസ്
ക്ലാസ്സ് 5.D

സി.ഇ. 1066 മുതൽ 1500 വരെയുള്ള കാലമാണ് മധ്യ ഇംഗ്ലീഷ് കാലഘട്ടം എന്നു പറഞ്ഞല്ലോ സി.ഇ. 1066 -ൽ ഫ്രാൻസിലെ നോർമണ്ടി എന്ന സ്ഥലത്തെ ഡ്യൂക്കായിരുന്നു. വില്യം രണ്ടാമൻ ഇംഗ്ലണ്ടിനെ ആക്രമിച്ചു. തുടർന്ന് ഭരണം നടത്തിയ ഫ്രഞ്ചുഭാഷ തന്നെയാണ് സംസാരിച്ചിരുന്നത്.

ഫ്രഞ്ചുകാരുമായുള്ള സമ്പർക്കത്തിലൂടെ സാധാരണ ജനങ്ങൾ അവരുടെ ഭാഷയായ ഓൾഡ് ഇംഗ്ലീഷിലേക്ക് ധാരാളം ഫ്രഞ്ച് പദങ്ങൾ കടംഎടുത്തു.[ spelling] പദസമ്പത്തിലും വ്യാകരണത്തിലുമൊക്കെ മിഡിൽ ഇംഗ്ലീഷ് കാലഘട്ടത്തിൽ വലിയ മാറ്റങ്ങളും ഉണ്ടായി.

ബഹുവചനരൂപങ്ങളെ കാണിക്കുവാൻ വാക്കിനോട് 's' അല്ലെങ്കിൽ 'ടേ' ചേർക്കുന്ന രീതി ഇംഗ്ലീഷ് ഭാഷയിൽ വ്യാപകമാകുന്നതും മിഡിൽ ഇംഗ്ലീഷ് കാലഘട്ടത്തിലാണ്. ഇത്തരം മാറ്റങ്ങൾ മിഡിൽ ഇംഗ്ലീഷ് കാലഘട്ടത്തിൽ ഒറ്റയടിക്ക് നടന്നതല്ല കേട്ടോ നൂറ്റാണ്ടുകൾ കൊണ്ടാണ് ഇതെല്ലാം സംഭവിച്ചത്.

കഥ

# സന്തുഷ്ട ജീവിതം

നിമ.ആർ.ജെ
ക്ലാസ്സ് :- 9F

ഒരിക്കൽ ഒരു ഗ്രാമത്തുനിന്ന് ഒരാൾ ജോലിക്കുവേണ്ടി പട്ടണത്തിലേക്ക്പോയി.അവിടെ അദ്ദേഹത്തിന് ജോലി-
ശരിയായി അദ്ദേഹവും കുടുംബവും പട്ടണത്തിലേക്ക് താമസം മാറി. ഇവരുടെ അമ്മ ഗ്രമത്തിൽ ഒറ്റക്കാണ് താമസിക്കുന്നത്. പട്ടണത്തിലെ ജീവിതരീതികളുമായി പൊരുത്തപെടാൻഅവർക്ക് സമയം വേണ്ടിന്നു. അദ്ദേഹം ജോലിയിൽ ആത്മാർത്ഥത കാണിച്ചത് കൊണ്ടാവണം അദ്ദേഹത്തിന് ജോലിയിൽ മുന്നേറ്റം കിട്ടി. ഇപ്പോൾ അദ്ദേഹം തന്റെ അമ്മയെ ഫോൺ വിളിക്കുകയോ കത്തയക്കുകയോ ചെയ്യാറില്ല. ചുരുക്കി പറഞ്ഞാൽ അദ്ദേഹം ആ ഗ്രാമത്തെ മറന്നു. പക്ഷെ അദ്ദേഹത്തിന് ഒരു സമാധാനവും ഇല്ലായിരുന്നു. ആ പട്ടണത്തിൽ എന്നുംഅപകടങ്ങളും,മോക്ഷണവും മാത്രമായിരുന്നു. അദ്ദേഹം പലദിവസങ്ങളിലും ഉറങ്ങീട്ടില്ല. തന്റെ മകനെ ഓർത്ത് ആ അമ്മക്ക് ഉറക്കമില്ലായിരുന്നു. ഒരു പക്ഷെ തൻെറ മകൻ വല്ലജോലിയും ചെയ്ത് ആ ഗ്രാമത്തിൽ തന്നെ കഴിഞ്ഞിരുന്നുവെങ്കിൽ ആ അമ്മക്ക് സമാധാനമായിരുന്നേക്കാം. "നല്ല ജോലിയും
ഞാൻ പട്ടണത്തിലാണ് താമസിക്കുന്നത് എന്ന് പത്ത്
ആൾക്കാരോട് പറയാൻ വേണ്ടി സ്വന്തം അമ്മയുടെ ഉറക്കംകളഞ്ഞിട്ട് വേണമോ അത് എന്ന് ഓരോ മക്കളോടും എനിക്ക് ചോദിക്കാനുണ്ട്". അമ്മയുടെ സമാധാനവുംനമ്മുടെ സമാധാനവും
കളഞ്ഞിട്ട്എന്ത്ജോലിയാണ് നമ്മുക്ക് വേണ്ടത്.
'സമാധാനമുള്ളിടമാണ്എപ്പോഴുംസന്തോഷം. സമാധാനമുള്ളിടത്ത് മാത്രമേ സന്തുഷ്ടജീവിതം നയിക്കാനേ കഴിയൂ.

ARTICLE

Renjima Raj

# CONSERVATION OF WATER

Water is really a panacea for life since it not only help in our proper growth but also economies against so many futul diseases that gop in our body our body our survival is much dependent upon water and its single drop wastage can impose a major threat to all living being on this planet there is 70% water on this planet but only 2% water is worth drinking so it is essential on our part to save a single drop of water but we dropt a very callous attitude towards the use of water become quite in different pipes and taps while bathing and shaviny me leave the tap open and become careless for its use the old system

of strem and spring water for irrigation to retain the ground water plantation drive should be launched .

കവിത

സ്വാതി കൃഷ്ണ
ക്ലാസ്സ് 9 E

# വസന്തം

ചെങ്കതിർ വീശി കതിരോൻ
ഉയർന്നു തെളിഞ്ഞീടും
കിഴക്ക് ദിക്കിൽ സൗന്ദര്യമായ്
ഇളം മഞ്ഞുതുള്ളികൾ വീഴമാ-
ഉഷസ്സിൽ മധുരമധുരമാം
കുയിൽ നാദത്തെവെല്ലും
കളകള ശബ്ദത്തോടെ കിളികളും
പുലർ വെളിച്ചത്തിൽ വിടർന്ന്
പൂങ്കുലകളാടീടും ചെടികളും

ഹാ എത്ര മനോഹരമീ പോയ
കാലവും ഋതുക്കളും വഴിമാറി
വന്നുചേർന്നൊരു വസന്തവും

പൂത്തുലഞ്ഞു സൗരഭ്യം പരത്തും ചെടികളും
കർണ്ണമധുരമായ് പാടീടും പക്ഷികളും
മർമ്മരമായ് വീശീടും മാരുതനും

ഹാ വസന്തമേ നീ എത്ര മനോഹരം
കാലത്തിൽ വിശിഷ്ടമാം നിൻനാമം
വാഴ്ത്തപ്പെടട്ടെ പ്രപഞ്ചത്തിൽ

കവിത

അഭിരാമി ബി എസ്
ക്ലാസ്സ് 6

# മധുരമീ മലയാളം

വേനലിൻ ചൂടിലുരുകുന്ന മണ്ണിന
പേരാൽ മരത്തിൻ ചുവട്ടിലെ തണലാണെന്നുമെൻ
മലയാളം -------

ചരിഞ്ഞുപെയ്യുന്ന പുതുമഴയേറ്റ-
നേരം കുളിരോടെയുയരുന്ന മണ്ണിന്റെ
മണമാണന്നുമെൻ മലയാളം

തത്തികളിച്ചും വളഞ്ഞു ചരിഞ്ഞമൊ-
ഴുകുന്ന പുഴതൻ ഗസലിൻ സംഗീതമാ-
ണെന്നുമെൻ പ്രിയ മലയാളം-----

കാച്ചിക്കുറുക്കിയ പാലിൽ പഞ്ചസാര-
ചേർത്ത് നരയുന്ന നാവിൻ തുമ്പിലെ
മാധുര്യമാണെന്നുമെൻ മലയാളം-----

മഴ തീർന്ന നേരം ഇളംവെയിലിൻ
തെളിയുന്ന മഴവില്ലിൻ
സൗന്ദര്യമാണെന്നുമെൻ മലയാളം-----

അമ്മതൻ കുഞ്ഞിനെ
മാറോട് ചേർത്ത് സ്നേഹിച്ചുലാളിച്ച്
മാതൃസ്നേഹമാണെല്ലാമെന്നും  മലയാളം- - - - - - - -

കവിത

# പ്രളയം

നന്ദന.എ.എസ്

ക്ലാസ്സ് 5.D

പ്രളയം അതെത്ര ഭീകരമെന്ന ഞാൻ കണ്ടറിഞ്ഞു.
പ്രളയം അതെത്ര വേദനയെന്ന ഞാൻ തൊട്ടറിഞ്ഞു.
ആ കാല്പാന്തകാലത്തിൽ,പ്രളയജലത്തിൽ ജീവന്റ
സ്പന്ദനമേമുക്കൾ പൊട്ടിവിടർന്നതെങ്ങനെയെന്ന
ഞാൻ കണ്ടറിഞ്ഞു

ശീതമാം, സരളമാം സലിലത്തിൽ
രൂപഭേദങ്ങൾ ഞാൻ കണ്ടറിഞ്ഞു
കാട്ടരുവിതൻ തേന്നൂറും കളനാദം
അതെത്ര ഘോരമാം തടാകശബ്ദമായ്
വനരോദനമായ് മാറുമെന്ന ഞാൻ കണ്ടറിഞ്ഞു

കാറ്റിന്റെ വേഗവും, അഗ്നിതൻ താപവും
ഹാ ജീവസ്പന്ദമേ നിനക്കുണ്ടെന്ന ഞാൻ
തൊട്ടറിഞ്ഞു
ഞരമ്പുകളിലൂടൊഴുകം നിണരേണുക്കൾ
ഉറഞ്ഞ ഹിമബിന്ദുവായ് തീർന്നതും
ഞാനറിഞ്ഞു
കാട്ടരുവിതൻ തേന്നൂറും കളനാദം
അതെത്ര ഘോരമാം തടാകശബ്ദമായ്
വനമരോദനമായ് മാറുമെന്ന ഞാൻ കണ്ടറിഞ്ഞു

കാറ്റിന്റെ വേഗവും, അഗ്നിതൻ താപവും
ഹാ  ജീവസ്പന്ദമേ നിനക്കുണ്ടെന്നു ഞാൻ
തൊട്ടറിഞ്ഞു
ഞരമ്പുകളിലൂടൊഴുകും നിണരേണുക്കൾ
ഉറഞ്ഞ ഹിമബിന്ദുവായ് തീർന്നതും ഞാനറിഞ്ഞു.
സ്ഥാനങ്ങൾ, മാനങ്ങൾ, പദവികളെല്ലാമെ
ചുവടറ്റുന്നവീഴുന്ന ഘോരതാണ്ഡവം ഞാൻ കണ്ടറിഞ്ഞു

പേറ്റുനോവിന്റെ വേദനാഭാവവും
അമ്മതൻ അമ്മിഞ്ഞപ്പാലിന്റെ മാധുര്യവും
ഒന്നുനിലവിളിക്കാൻ പോലുമാവാത്ത
കൈകാലിട്ടടിക്കുന്ന പിഞ്ചുകുഞ്ഞുതൻ
ദൈന്യഭാവവും
ഹാ  ഹൃത്തമേ, സഹിക്കുവാൻ കെല്പില്ലോ
എനിക്കെന്നുഞാൻ തിരിച്ചറിഞ്ഞു
പ്രപഞ്ചമേ, പ്രപഞ്ചദാതാവേ ക്ഷമിക്കുക
സർവ്വചരാചരങ്ങൾ തൻ പാപവും ക്ഷമിക്കുക
ഒരു നറുതിരിവെട്ടമെങ്കിലും  തെളിക്കട്ടെ
പ്രതീക്ഷതൻ  ചിരാതിൽ  ഞാൻ.

POEM

# MY FATHER

**Swathy Krishna**
**Class 9.E**

I still look back, to how far
I can remember,
And you are always there next to me
Each and every day you help me
To grow up,

And makes me the best that I can
your love forever strong
your cuddles forever tight.

Every day since I have born.
Your love is always in sight
I always be your baby girl

And you always be my dear dad
I know I always be the luckiest,
To have the best dad any girl
Could have had

My dady ,I love you with all my heart,
Much more than I ever say.
You are my world , my everything.

ഫർദാന.ബി

10.E

ലേഖനം

# വനസംരക്ഷണം

വന നശികരണ കാലത്ത് ജീവിക്കുന്ന ഇന്നത്തെ തലമുറയക്ക് വനസംരക്ഷണത്തിന്റെ മേൻമകളെക്കുറിച്ചുള്ള അറിവ് വളരെ കുറവായിരിക്കുകയാണ്. വനസംരക്ഷണത്തിന്റെ ഗുണങ്ങൾ ഇന്നത്തെ സമൂഹം തിരിച്ചറിയുന്ന ഒരു അവസ്ഥത എത്തുമ്പോഴേയക്കും നമ്മുടെ പ്രകൃതിയുടെ അവസ്ഥ വളരെ ദയനിയം ആയിരിക്കും എന്ന കാര്യത്തിൽ നമ്മുക്ക് യാതൊരു തരത്തിലുമുള്ള സംശയത്തിന്റെ ആവശ്യം ഉള്ളതല്ല . കാലവസ്ഥ വ്യതിയാനത്തിന്റെ ആഘാതം വിവിധ രീതികളിലായിമനുഷ്യ ജീവിതത്തെ ബാധിച്ചുതുടങ്ങിയതിന്റെ ഫലമായിവനസംരക്ഷണത്തെക്കുറിച്ച് ചില ഗുണചിന്തകൾ പൊതുജനങ്ങളിൽ ഉടലെടുക്കുകയും വനസംരക്ഷണം ഊർജിതപ്പെട്ടുത്തുവാൻപൊതു ജനങ്ങൾക്കും മുൻഗണനയിൽ വിദ്യാർഥികൾക്ക് ബോധവാന്മാരാക്കാനുള്ള ശ്രമങ്ങളാണ് നാം ചെയ്യേണ്ടത്.

ചെറുകഥ

ഭദ്ര അജിത്ത്
10 E

# അവസാനത്തെ ആഗ്രഹം

ഒത്തിരി നാളുകളുടെ കാത്തിരിപ്പിനു ശേഷം ആ ദമ്പതിമാരുടെ സ്വപ്നം പൂവണിഞ്ഞു. വർഷങ്ങൾക്കു ശേഷം ആ കുട്ടി ജനിച്ചു. അവർ അവൾക്ക് ്ജസ്റ്റീന എന്ന് പേര് നൽകി. വളരെയധികം സ്നേഹലാളനയോടെ അവർ അവളെ വളർത്തി.

പെട്ടെന്നാണ് ആകെ തകർത്തുകൊണ്ട് മാരകമായ ക്യാൻസർ എന്ന വില്ലൻ കടന്നുവന്നത്. അതു ബാധിച്ച് എട്ടു വയസ്സുകാരിയായ ജസ്റ്റീനയ്ക്കായിരുന്നു. അതോടെ ആ കുടുംബത്തിലെ എല്ലാ സന്തോഷങ്ങളും അവസാനിച്ചു. ഒരു മെഴുകുതിരിനാളം അണയുന്നതുപോലെ കെട്ടുപോയി. അസുഖം മൂർച്ഛിച്ചപ്പോൾ അവളെ ആംബുലൻസിൽ കയറ്റി ആശുപത്രിയിലേക്ക് കൊണ്ടുപോയി. അവിടത്തെ വലിയ വലിയ ചെക്കപ്പുകൾ ആ കുഞ്ഞുശരീരത്തിന് താങ്ങുവാൻ സാധിക്കുന്നതായിരുന്നില്ല.

ആ വാർത്ത കേട്ട് മാതാപിതാക്കളുടെ നെഞ്ച് തകർന്നു . ജസ്റ്റീന മരണപ്പെട്ടു. ആ മാരകരോഗം അവളെ ജീവിക്കാൻ അനുവദിച്ചല്ല. ആ കുട്ടിയുടെ ആത്മാവ് ആ ശരീരത്തിൽ നിന്ന്

വിട്ടുമാറി. അവളെ സ്വർഗ്ഗസ്വർഗ്ഗത്തിലേക്ക് കൂട്ടികൊണ്ടുപോകാൻ വഴികാട്ടിയായി ഒരാൾ വന്നു. അയാൾ ആരാണെന്നോ,എവിടെനിന്നാണെന്നോ വന്നതെന്ന അവർക്ക് അറിയില്ല. അയാൾ അവളെ സ്വർഗത്തിലേക്ക് പോകാൻ വിളിച്ചു. അവൾക്ക് ഒരു അവസാനത്തെ ആഗ്രഹം സാധിച്ചുനൽകുമോ എന്ന് അയാളോടായി ചോദിച്ചു. ഇപ്പോൾ മഞ്ഞുകാലമാമ്. പണ്ട് ഞാൻ എന്റെ കൂട്ടുകാരുമായി മഞ്ഞുകാലത്ത് ആർത്തുല്ലസിച്ച് നടക്കുമായിരുന്നു. ഇനിയൊരിക്കലും അത് സാദിക്കില്ല എന്നറിയാം. അതുകൊണ്ട് എന്റെ അവസാനത്തെ ആഗ്രഹം സാധിച്ചുനൽകണം എന്താണ് അവളുടെ ആഗ്രഹം എന്ന് അയാൾ ചോദിച്ചു. സ്വർഗത്തിലേക്ക് പോകുന്നതിനുമുമ്പ് ഒരിക്കൽ കൂടി ആ മഞ്ഞുകാലം ആസ്വദിക്കാൻ എന്നെ അനുവദിക്കണം എന്ന് അവൾ അപേക്ഷിച്ചു. അവളുടെ അവസാനത്തെ ആഗ്രഹം സാധിക്കുകയും ഒരു മാലാഖയെപ്പോലെ സ്വർത്തിലെ വാതിൽ തുറന്നുമറയുകയും ചെയ്തു.

കഥ

സൂരജ്

ക്ലാസ്സ്:5 എ

# അച്ഛനും അമ്മുവും

അച്ഛനും അമ്മുവും എന്നും രാവിലെ നടക്കാൻ പോകും. വയലിനോടു ചേർന്ന വഴിയിലൂടെ അങ്ങനെ നടക്കും. വഴിവക്കിൽ എന്തൊക്കെ കാഴ്ചകളാണെന്നോ.കാറ്റിലാടുന്ന നെൽക്കതിരുകൾ പൂത്തുലഞ്ഞു നിൽക്കുന്ന ചെടികൾ. പൂമ്പാറ്റകളും വണ്ടുകളും ആ കാഴ്ചകൾ കണ്ട് അച്ഛനോടൊപ്പം നടക്കാൻ മടികൂടാതെ അമ്മു അതിരാവിലെ എഴുന്നേൽക്കും.

"അച്ഛൊപ്പം നടന്നീടും കാഴ്ചകൾ പലതും കണ്ടീടും കാഴ്ചകൾ കണ്ടു നടക്കുമ്പോൾ ഉള്ളിൽ നിറയും സന്തോഷം"

അങ്ങനെയൊരു ദിവസം പതിവുപോലെ അച്ഛനോടൊപ്പം നടക്കാനിറങ്ങിയതാണ് അമ്മു, വഴിവക്കിലെ തോട്ടത്തിലൊരു അനക്കം കേട്ടവൾ തിരിഞ്ഞുനോക്കി നോക്കി "അയ്യോ" പാമ്പ് !അമ്മു കരയാൻ തുടങ്ങി. അമ്മുവിന്റെ പേടികണ്ട് അച്ഛൻ അവളെ ചേർത്തുപിടിച്ച് എന്നിട്ടുപറഞ്ഞു അമ്മു അത് ഒരു പാവം നീർക്കോലിക്കുട്ടനാ വെള്ളത്തിൽ കഴിയുന്ന കുഞ്ഞുപ്പാമ്പ് അവൻ ഉപദ്രവിക്കില്ല അത് അമ്മുവിന് ഒരു പുതിയ അറിവായിരുന്നു. അച്ഛനൊപ്പമുള്ള യാത്രകളിൽ അവൾക്ക് കിട്ടിയ ഒരുപാട് അറിവുകളിൽ ഒന്നായിരുന്നു അത്.

ഹയ്യോ, വെറുതെ പേടിച്ച പാവം കുഞ്ഞിപാമ്പല്ലെ അവനൊരു കുഞ്ഞൻ നീർക്കോലി. ഇനി മേൽ അവനെ ഞാൻ പേടിക്കില്ല.

അപ്പോൾ അച്ഛൻ അവൾക്കു മറ്റൊരു കാഴ്ച കാണിച്ചു കൊടുത്തു. തൂങ്ങിക്കിടക്ക്ന്ന ഒരു കുരു കൂട് അത് തൂക്കണാം കുരിവിയുടെ കൂടാണെന്നും തെങ്ങോലകൾ ചേർത്തു തുന്നി ഉണ്ടാക്കിയതാണെന്നും അച്ഛൻഅവൾക്കു പറഞ്ഞു കൊടുത്തു. അമ്മുവിന് സന്തോഷം തോന്നി നമുക്കു ചുറ്റിനും എന്തെല്ലാം കാഴ്ചകളുണ്ട് കാണാൻ ഉറങ്ങിയും മടിപിടിച്ചും വെറുതെ പാഴക്കുന്ന നേരത്ത് ഒന്നുപുറത്തേക്ക് ഇറങ്ങിയാൽ ഒരുപാട് അറിവുകൾ നമ്മളെ തേടിവരും സ്കൂളിൽ എത്തിയ അമ്മു ചങ്ങാതിമാരോട് പറഞ്ഞു.

# PHOTO GALLERY



*Little KITEs Team*




School Level Camp










**Lunch Time**




ചാത്തന്നൂർ സബ് ജില്ല ഐ. ടി. മേളയിൽ സെക്കന്റ് ഓവറോൾ ചാമ്പ്യൻമാരായ സ്കൂൾ ടീം

ശ്രീഹരി അജേഷ്, ശങ്കർ പ്രമോദ്, ഗൗരി. ആർ, നവനീത് കുറുപ്പ്



ചാത്തന്നൂർ സബ് ജില്ലാ സ്കൂൾ കലോത്സവത്തിൽ യു. പി. വിഭാഗം സെക്കന്റ് ഓവറോൾ കിരീടം നേടിയ കുട്ടികൾ അധ്യാപകരോടൊപ്പം. . .